**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1584** **14-12-2012 - ലെ മറുപടിയ്ക്ക്**

# നാളീകേരത്തിന്റെ വിലയിടിവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| (എ) | നാളീകേരത്തിനുണ്ടായ വിലയിടിവിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | ഭക്ഷ്യ എണ്ണകൾക്കുള്ള ഇറക്കുമതി നയം ഉദാരവൽക്കരിച്ചതുമൂലം പാമോയിലിന്റെ അനിയന്ത്രിതമായ ഇറക്കുമതി നാളികേര വിലയിടിവിന് കാരണമായിട്ടുണ്ട്. കൂടാതെ വെളിച്ചെണ്ണയുടെ പരിമിതപ്പെടുത്തിയ കയറ്റുമതിയും നാളികേര വിലയിടിവ് ഉണ്ടാക്കിയിട്ടുണ്ട്. |
| (ബി) | നാളീകേര സംഭരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമാണ് കൊപ്ര സംഭരണം നടപ്പിലാക്കി വരുന്നത്. 2012 സീസണിലേയ്ക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപയ്ക്കും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപയ്ക്കും പൊതിച്ച നാളികേരം 1400 രൂപ നിരക്കിലുമാണ് സംഭരണം നടത്തുന്നത്. അതു പ്രകാരം നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ്ഫെഡും മുഖേനയാണ് സംഭരണം നടത്തുന്നത്.<br>താങ്ങുവില പദ്ധതി പ്രകാരം കർഷകർക്ക് കൊപ്ര സംഭരണത്തിനാവശ്യമായ സർട്ടിഫിക്കറ്റ് കൃഷി വകുപ്പിൽ നിന്നും നൽകിവരുന്നു.<br>01-12-12 വരെ കേരഫെഡ് 102 സംഘങ്ങൾ മുഖേന 9646.38 ടൺ മില്ലിംഗ് കൊപ്രയും 1.95 ടൺ ഉണ്ടകൊപ്രയും സംഭരിച്ചിട്ടുണ്ട്. മാർക്കറ്റ്ഫെഡ് 48 സംഘങ്ങൾ മുഖേന 7922.5 ടൺ കൊപ്രയും സംഭരിച്ചിട്ടുണ്ട്. സ്വന്തമായി സംസ്ക്കരണ സൗകര്യങ്ങൾ ഉള്ള സംഘങ്ങൾ മുഖേന പച്ച നാളികേരം സംഭരിച്ച് കൊപ്രയാക്കുകയും ചെയ്യുന്നുണ്ട്. |

(സി) കൊല്ലം ജില്ലയിൽ പച്ചത്തേങ്ങ, കൊപ്ര എന്നിവ സംഭരിക്കുന്നതിന് പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ തയ്യാറാകാത്തതിന്റെ സാഹചര്യം എന്താണ്; വ്യക്തമാക്കുമോ;

(സി) തൊഴിലാളികളുടെ അഭാവം, മൂലധനത്തിന്റെ പരിമിതി, പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾക്ക് ഗോഡൗൺ, ഡ്രയർ സംവിധാനങ്ങളുടെ അപര്യാപ്തത എന്നിവയാണ്, കൊല്ലം ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങൾ കൊപ്ര സംഭരണത്തിനു തയ്യാറാകാത്തതിനുള്ള കാരണങ്ങളായി സൂചിപ്പിച്ചിരിക്കുന്നത്. കൂടാതെ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള ഹാന്റ്ലിംഗ് ചാർജ്ജും കളക്ഷൻ ചാർജ്ജും സർക്കാർ വഹിക്കണമെന്നുള്ള ആവശ്യവും ഉന്നയിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ സംഘങ്ങൾക്കുണ്ടായ നഷ്ടം സംഭരണം നടത്താത്തതിനുള്ള പ്രധാന കാരണമായി സംഘങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്.

(ഡി) നാളീകേര സംഭരണത്തിലെ നഷ്ടം നികത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

(ഡി) നാളികേര സംഭരണത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്താൻ ചില അധിക ആനുകൂല്യങ്ങൾ നൽകി ഉത്തരവായിട്ടുണ്ട്. സംഘങ്ങൾക്ക് കൊപ്ര സംഭരണത്തിനുപയോഗിക്കുന്ന ചാക്കൊന്നിന് നാഫെഡ് നിശ്ചയിച്ചിരിക്കുന്ന 27 രൂപയ്ക്ക് പുറമെ പത്ത് രൂപ കൂടി അധികമായി നൽകുന്നതിന് സ.ഉ. (എം.എസ്) നം.143/2012/കൃഷി തീയതി:11-06-2012 പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ കൊപ്ര സംഭരിക്കുന്ന എല്ലാ ഏജൻസികൾക്കും 500 രൂപ ഇൻസെന്റീവ് അനുവദിച്ചുകൊണ്ട് സ.ഉ.(എം.എസ്) 279/12/കൃഷി തീയതി 10-12-12 പ്രകാരം ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ